LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലീഗൽ മെട്രോളജി വകുപ്പിൽ ആകെ 59 തസ്തികകൾ ഒഴിവുണ്ട്. ആയവ തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു.

അസിസ്റ്റന്റ് കൺട്രോളർ	-	04
സീനിയർ ഇൻസ്പെക്ടർ	-	08
ഇൻസ്പെക്ടർ	-	03
കേൺഫിഡൻഷ്യൽ അസിസ്റ്റന്റ്	-	01
ടെക്നിക്കൽ അസിസ്റ്റന്റ്	-	01
എൽ.ഡി. ക്ലാർക്ക്	-	04
ക്ലാർക്ക്-ടൈപ്പിസ്റ്റ്	-	10
ഡ്രൈവർ	-	13
ഫുൾ ടൈം വാച്ചർ	-	15

(ബി) അസിസ്റ്റന്റ് കൺട്രോളർ, സീനിയർ ഇൻസ്പെക്ടർ എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻസ്പെക്ടർ, ടെക്നിക്കൽ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, എൽഡി.ക്ലാർക്ക്, ക്ലാർക്ക്-ടൈപ്പിസ്റ്റ്, ഡ്രൈവർ, ഫുൾടൈം വാച്ചർ എന്നീ തസ്തികകളിലെ ഒഴിവുകൾ നിയമനം നടത്തുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മൃഗസംരക്ഷണ രംഗത്തെ ആധുനികവൽക്കരണം

90 (5768) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൃഗസംരക്ഷണ രംഗത്തെ ആധുനികവൽക്കരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മൃഗാശുപത്രികൾ, ലാബുകൾ എന്നിവയുടെ നവീകരണത്തിനായി ഈ വർഷം എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത് ;

(സി) ഈ വർഷം ഈ മേഖലയിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) മൃഗസംരക്ഷണ പരിപാലനത്തിന്റെ ഭാഗമായി കന്നുകാലികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ മൃഗസംരക്ഷണ രംഗത്തെ ആധുനികവൽക്കരണത്തിനായി താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1. മൃഗാശുപത്രികൾ നവീകരിച്ച് സ്പെഷ്യാലിറ്റി സൗകര്യം ഏർപ്പെടുത്തി

2006-07 സാമ്പത്തിക വർഷം കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അവിടത്തെ സർജറി യൂണിറ്റിന് ആവശ്യമായ ഹൈഡ്രോളിക് ഓപ്പറേഷൻ തിയേറ്റർ, ഉപകരണങ്ങൾ, ഓട്ടോ ബ്ലഡ് അനലൈസർ തുടങ്ങിയവ സ്ഥാപിക്കുകയുണ്ടായി. 2007-08-ൽ കോഴിക്കോട് ഡി.വി.സി.ക്ക് ഒരു എൻഡോസ്ക്കോപ്പി യൂണിറ്റ് സ്ഥാപിക്കാൻ സാധിച്ചു. ഇതുകൂടാതെ 2007-08-ൽ ചികിത്സാ സൗകര്യങ്ങളും രോഗനിർണ്ണയ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് കണ്ണൂർ, മലപ്പുറം, തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളെ ശക്തിപ്പെടുത്തി.

2008-09-ൽ തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിന് ഒരു അൾട്രാ സൗണ്ട് സ്കാനറും ഇടുക്കി, എറണാകുളം ജില്ലകൾക്ക് വീഡിയോ എൻഡോസ്കോപ്പിയും സ്ഥാപിച്ച് ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളെ ശക്തിപ്പെടുത്തി. എറണാകുളം, കോട്ടയം, വയനാട്, ഇടുക്കി എന്നീ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനും സാധിച്ചു. അതേ സാമ്പത്തിക വർഷം കൊല്ലം, കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിൽ ടെലിപാതോളജി സൗകര്യങ്ങൾ സ്ഥാപിക്കുകയും ഇതിലൂടെ മറ്റു സ്ഥാപനങ്ങളിലുള്ള വിദഗ്ദരുമായി എളുപ്പത്തിൽ രോഗനിർണ്ണയങ്ങൾ കൈവരിക്കുന്നതിന് സാധിക്കുകയും ചെയ്യുന്നു.

2009-10 സാമ്പത്തിക വർഷം തിരുവനന്തപുരം, പാലക്കാട്, കണ്ണൂർ എന്നീ ജില്ലാ കേന്ദ്രങ്ങൾക്ക് വീഡിയോ എൻഡോസ്കോപ്പിയും ഇടുക്കി, കോഴിക്കോട് ജില്ലകൾക്ക് അൾട്രാ സൗണ്ട് സ്കാനറും ലഭ്യമാക്കി. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിലും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തി.

2010-11 സാമ്പത്തിക വർഷം തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിൽ വീഡിയോ എൻഡോസ്കോപ്പിയും മലപ്പുറം, എറണാകുളം എന്നീ ജില്ലകൾക്ക് അൾട്രാസൗണ്ട് സ്കാനറും വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൊല്ലം, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിലെ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിന് 20 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം എറണാകുളം, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ ടെലിപാതോളജി സമ്പ്രദായം ഏർപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. മൃഗാശുപത്രികളുടെ കെട്ടിട നിർമ്മാണം : പുതിയ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾക്ക് എറണാകുളം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ കെട്ടിടങ്ങൾ സ്ഥാപിക്കുകയുണ്ടായി. തൃശ്ശൂരിൽ ജില്ലാ വെറ്ററിനറി കേന്ദ്രത്തിന്റെ പുതിയ കെട്ടിടത്തിന്റെ പണി അവസാന ഘട്ടത്തിലാണ്. ഇതുകൂടാതെ കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കാസറഗോഡ്, തിരുവനന്തപുരം, എന്നീ ജില്ല കളിലെ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം സ്ഥാപിക്കുന്നതിനു വേണ്ടി അനുവാദം നൽകിക്കഴിഞ്ഞു.

കഴിഞ്ഞ സാമ്പത്തിക വർഷം (2009-10) റാന്നി, അടൂർ എന്നീ വെറ്ററിനറി പോളീക്ലിനിക്കുകൾക്ക് പുതിയ കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. ചെറിയനാട് മൃഗാശുപത്രി, കൊടുങ്ങല്ലൂർ വെറ്ററിനറി പോളീക്ലിനിക്കുകൾ എന്നി വയ്ക്കും പുതിയ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. 2006-07 മുതൽ 2009-10 വർഷം വരെ 59 മൃഗാശുപത്രികൾക്ക് പുതിയ കെട്ടിടം പണിയുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മൃഗാശുപത്രികൾ, ലാബുകൾ എന്നിവയുടെ നവീകരണത്തിനായി ഈ സാമ്പത്തിക വർഷം ദൈനംദിന പ്രവർത്തനങ്ങൾക്കായി 30 ലക്ഷം രൂപയും ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിലുള്ള ചികിത്സ, രോഗനിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 92 ലക്ഷം രൂപയും മരടിൽ ഉള്ള സ്റ്റേറ്റ് ലബോറട്ടറി ഫോർലൈവ് സ്റ്റോക്ക് മറൈൻ ആന്റ് അഗ്രികൾച്ചറൽ പ്രോഡക്ട്സ് ശക്തിപ്പെടുത്തുന്നതിന് 75 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്. പ്രാദേശിക രോഗനിർണ്ണയ ലാബുകളുടെ നവീകരണത്തിനും ശക്തിപ്പെടുത്തലിനുമായി 40 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ASCAD-ൽ ജില്ലാതലത്തിലുള്ള രോഗനിർണ്ണയ ലാബുകൾ നവീകരിക്കുന്നതിനും കെട്ടിട ങ്ങളുടെ പണികൾക്കുമായി അഞ്ചു ജില്ലകൾക്ക് 149 ലക്ഷം രൂപയുടെ പദ്ധതി കൾക്ക് കേന്ദ്രം അംഗീകാരം നൽകിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ എല്ലാ പ്രവർത്തനങ്ങളും ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയിൻകീഴിൽ ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപ്പിലാക്കുന്നതാണ്.

(ഡി) ഈ സാമ്പത്തിക വർഷം മുതൽ കേന്ദ്രത്തിന്റെ ധനസഹായ ത്തോടുകൂടി പാവപ്പെട്ട ക്ഷീരകർഷകരുടെ വിലപ്പെട്ട കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിന് ഗോസുരക്ഷാ എന്ന പേരിൽ കേന്ദ്രധനസഹായത്തോടുകൂടി ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി 11 ജില്ലകളിലാണ് നടപ്പിലാക്കുന്നത്. എന്നാൽ ഈ പദ്ധതിമൂലം ആനുകൂല്യം ലഭിക്കാത്ത കാസറഗോഡ്, മലപ്പുറം, പത്തനംതിട്ട ജില്ലകളിലുള്ള കർഷകർക്ക് ആനുകൂല്യം ലഭിക്കുന്നതിന് സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്ന് 5 കോടി രൂപ വകകൊള്ളിക്കുകയും ഈ പദ്ധതി ക്കായി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തുള്ള എല്ലാ ക്ഷീരകർഷകർക്കും സൗജന്യ നിരക്കിൽ അവരുടെ ഉരുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.

2214/12

LIBRARY ARCHIVES Kerala Legislative Assembly